The Palai Diocesan Bulletin

സാന്ത്വനപ്രകാശം

Dominus Illuminatio Mea

Vol. XVII | 1967 FEBRUARY | No. 1

Pastoral Letter No. 82

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
സംത്രുപ്തിയാലും പാലാ രൂപതയുടെ
മെത്രാനായ

DHARMARAM COLLEGE LIBRARY, 23887 BANGALORE.

നാം



വയലിൽ സെബാസ്റ്റ്യൻ

നമ്മുടെ അധികാരത്തിലുള്ള പള്ളികളിലേ ബ. വൈദികർക്കും
സന്ന്യാസിമാർക്കും കന്യാസ്ത്രീകൾക്കും നമ്മുടെ പ്രിയപ്പെട്ട
വിശ്വാസികൾ എവർക്കും നമ്മുടെ കർത്താവിൽ
സമാധാനവും വാഴ്വും

വന്ദ്യ സഹോദരരേ പ്രിയ മക്കളേ,

വലിയ നോമ്പ് ആരംഭിച്ചിരിക്കുകയാണല്ലോ. നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങളെപ്പറ്റി ധ്യാനിക്കുന്നതിനും തപസ്സനുഷ്ഠിക്കുന്നതിനും പ്രത്യേകം നിശ്ചയിക്കപ്പെട്ടിരിക്കുന്ന അവസരമാണ് വലിയ നോമ്പ്. പ്രായശ്ചിത്തവിധികളും സംബന്ധിച്ച് താത്വികമായും പ്രായോഗികമായും മാർഗ്ഗനിർദ്ദേശം ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് ആറാം പൗലോസ് മാർപ്പാപ്പാ 1966 ഫെബ്രുവരി 17-ാം തീയതി ഒരു ചാക്രികലേഖനം പ്രസിദ്ധം ചെയ്തിട്ടുണ്ട്. "അനുതപിക്കുകയും സുവിശേഷത്തിൽ വിശ്വസിക്കുകയും ചെയ്യുവിൻ" എന്നുതുടങ്ങുന്ന പ്രസ്തുത ലേഖനത്തിലേ ആശയങ്ങളെ മുൻനിറുത്തി ഏതാനും കാര്യങ്ങൾ നിങ്ങളെ അറിയിക്കുവാൻ നാം ആഗ്രഹിക്കുന്നു.

1. <u>ഹൃദയപരിവർത്തനം.</u> വർത്തിക്കാൻ സൂനഹദോസിന്റെ ലക്ഷ്യം ആദ്ധ്യാത്മിക നവീകരണമായിരുന്നു. വിശുദ്ധി പ്രാപിക്കുവാൻ ഏവർക്കുമുള്ള കടമയെപ്പറ്റിയാണ് കൗൺസിൽ നല്കുന്ന സന്ദേശം. ദിവ്യരക്ഷകന്റെ മാതൃകയനുസരിച്ചും അവിടുത്തോടു് ഐക്യപ്പെട്ടുകൊണ്ടും നമ്മെത്തന്നെ പരിത്യജിക്കുവാനും പ്രായശ്ചിത്തമനുഷ്ഠിക്കുവാനും പരിശ്രമിക്കാത്തപക്ഷം പുണ്യവഴിയിൽ പുരോഗമിക്കുവാൻ നമുക്കു കഴിയുന്നതല്ല. നാം "പുതിയ മനുഷ്യനെ" ധരിക്കണമെങ്കിൽ "പഴയ മനുഷ്യനെ" പരിത്യജിക്കേണ്ടതു് ആവശ്യമാണ്. പരിശുദ്ധാത്മാവിന്റെ പ്രേരണ ഉൾക്കൊള്ളണമെങ്കിൽ "ശരീരത്തെ അതിന്റെ എല്ലാവിധ ദുഷിച്ച വികാരങ്ങളോടും ആഗ്രഹങ്ങളോടുംകൂടെ ക്രൂശിൽ തറയ്ക്കണം". പഴയനിയമവും പുതിയനിയമവും ഈ തത്വം വിളംബരം ചെയ്യുന്നുണ്ട്. യൂദിത്തു്, ദാനിയേൽ, പ്രവാചികയായ അന്ന, യോഹന്നാൻ മാംദാന തുടങ്ങിയവരുടേയും സർവ്വോപരി നമ്മുടെ കർത്താവിന്റേയും മാതൃകകൾ

ഇതിനു് ഉദാഹരണങ്ങളാണു്. നമ്മുടെ കർത്താവിനെ സ്നേഹപൂർവ്വം അനുകരിച്ചിട്ടുള്ള അപ്പസ്തോലന്മാരുടേയും രക്തസാക്ഷികളുടേയും ദിഷ്ടാന്തവും ഇതുതന്നെയാണല്ലോ. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനു ഹൃദയപരിവർത്തനം ആവശ്യമാണെന്നും പാപങ്ങൾക്കു പരിഹാരം ചെയ്യാനുള്ള സന്നദ്ധത സാക്ഷാത്തായ പശ്ചാത്താപത്തിന്റെ ലക്ഷണമാണെന്നും ദിവ്യരക്ഷകൻ പഠിപ്പിച്ചു. വി. ആഗസ്തീനോസു്, വി. ബെനദിക്തോസു്, വി. ഫ്രാൻസിസു് അസ്സീസി, വി. യോഹന്നാൻ ക്രൂസു് മുതലായ വിശുദ്ധന്മാരുടെ ജീവിതത്തിൽ പ്രശോഭിച്ചിരുന്നതും ഈ തത്വം തന്നെയായിരുന്നു. സഭ എന്നും നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന പാഠവും ഇതുതന്നെ.

ശരിയായ ഹൃദയപരിവർത്തനം താൽക്കാലികമായിട്ടുള്ളതല്ല. അതു് ജീവിതം മുഴുവൻ നിലനില്ക്കുന്നതും എന്നും പ്രേരണ ചെലുത്തുന്നതുമായിരിക്കും. ഒരു ക്രിസ്ത്യാനി മാമ്മോദീസാ സ്വീകരിക്കുന്ന അവസരത്തിൽ ക്രിസ്തുവിനോടുകൂടി മരിക്കുകയത്രേ ചെയ്യുന്നതു്. മിശിഹായുടെ പീഡാനുഭവത്തിലും മരണത്തിലും ഉയിർപ്പിലും അവിടത്തോടു സാദൃശ്യം പ്രാപിക്കുന്നതിനുവേണ്ടി അവർ തങ്ങളെത്തന്നെ പരിത്യജിക്കുകയും ഐഹികജീവിതത്തിലേ ക്ലേശങ്ങളും ദുരിതങ്ങളുമാകുന്ന കുരിശെടുത്തുകൊണ്ടു് അവിടത്തെ അനുഗമിക്കുകയും ചെയ്യണം.

2. <u>ആത്മപരിത്യാഗം.</u> പോൾമാപ്പ്പ്പാ ചൂണ്ടിക്കാണിക്കുന്നതുപോലെ, പ്രായശ്ചിത്തം സർവ്വോപരി ആന്തരികവും മതപരവുമാണു്. വെറുമൊരു ബാഹ്യാനുഷ്ഠാനമായി അതിനെ തരംതാഴ്ത്തുവാൻ പാടില്ല. ദൈവസ്നേഹം നമ്മളിൽ സമ്പൂർണ്ണഫലം ഉളവാക്കുന്നതിനു നമ്മുടെ ഭാഗത്തുനിന്നുമുള്ള നിരന്തരമായ ഒരാത്മസമർപ്പണമാണതു്. നമ്മുടെ അനുദിനകൃത്യങ്ങൾ പ്രായശ്ചിത്തത്തിന്റെ ചൈതന്യ

ത്തിൽ നിറവേറണം. പരിശുദ്ധ പിതാവു് തുടർന്നു പറയുന്നു:— "ഓരോരുത്തരുടേയും ജീവിതസ്ഥിതിക്കനുയോജ്യമായ കൃത്യങ്ങൾ ശരിയായി നിർവഹിച്ചുകൊണ്ടാണു പ്രായശ്ചിത്തചൈതന്യം നിലനിർത്തേണ്ടതെന്നു സഭ നിർബ്ബന്ധിക്കുന്നുണ്ടു്. ഓരോരുത്തരുടേയും ദിനകൃത്യങ്ങളിൽനിന്നു് ഉൽഭ്രതമാകുന്ന പ്രയാസങ്ങളെ സ്വാഗതം ചെയ്യണം. മനുഷ്യൻ ഒറ്റപ്പെട്ടല്ല ലോകത്തിൽ ജീവിക്കുന്നതു്. അതിനാൽ ബാഹ്യരംഗത്തുനിന്നും പല പരീക്ഷണങ്ങൾ ഉണ്ടാകും. ഐഹികജീവിതംതന്നെ ഒരു വലിയ അരക്ഷിതാവസ്ഥയുടെ നടുക്കാണു നിലകൊള്ളുന്നതു്. ഇങ്ങനെ വിവിധകാരണങ്ങളാലുണ്ടാകുന്ന ക്ലേശങ്ങളോടു നമ്മൾ പൊരുത്തപ്പെടണം." കഷ്ടപ്പാടുകളും പീഡനങ്ങളും നമുക്കു് അനുഭവപ്പെട്ട എന്നു വരാം. നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങളിലും ക്രൂരിശുമരണത്തിലും പങ്കുവഹിക്കുന്നതിനു നമുക്കു ലഭിച്ചിരിക്കുന്ന മാർഗ്ഗങ്ങളായി നാം അവയെ സ്വീകരിക്കണം. വിശ്വാസത്തിന്റേയും എളിമയുടേയും ദൈവസ്നേഹത്തിന്റേയും അരുപിയിൽ നമ്മുടെ ജീവിതഭാരം നമുക്കു ചുമക്കാം.

3. <u>തപക്രിയകൾ</u>. മനുഷ്യൻ ആത്മശരീരങ്ങളോടുകൂടിയ സൃഷ്ടിയാണല്ലോ. സകല പ്രവൃത്തികളിലും ആത്മാവും ശരീരവും സഹകരിക്കുന്നു. പ്രായശ്ചിത്തത്തിന്റെ ചൈതന്യം ശാരീരികവ്യാപാരങ്ങളിലും പ്രതിഫലിക്കേണ്ടതാണു്. അതിനാൽ ആത്മപരിത്യാഗം അനുഷ്ഠിക്കുന്നതിനോടൊപ്പം ശാരീരികതപക്രിയകളും നാം നിർവഹിക്കേണ്ടതുണ്ടു്. ഉപവാസം, മാംസവർജ്ജനം, ശാരീരികപീഡനങ്ങൾ മുതലായവ ഇതിൽ ഉൾപ്പെടുന്നു. ഇന്നത്തെ സാമൂഹികവ്യവസ്ഥിതിയും സാഹചര്യങ്ങളും മനസ്സിലാക്കി ഉപവാസം, മാംസവർജ്ജനം ഇവ സംബന്ധിച്ചുള്ള സഭയുടെ നിയമങ്ങളിൽ വളരെ അയവു വരുത്തിയിട്ടുണ്ടു്. വിഭ്രതി

ത്തിരുനാളിലും ദുഃഖവെള്ളിയാഴ്ചയും മാംസവർജ്ജനവും ഉപവാസവും അനുഷ്ഠിക്കുന്നതിനും ആണ്ടുവട്ടത്തിലേ ഏല്ലാ വെള്ളിയാഴ്ചകളിലും മാംസവർജ്ജനം ആചരിക്കുന്നതിനുമുള്ള സാവ്വത്രികസഭയിലേ നിയമമാണു് നമ്മുടെ ശ്രുപതയിലും പ്രാബല്യത്തിൽ ഇരിക്കുന്നതു്. എന്നാൽ തപസ്സുകാലത്തിന്റെ അർത്ഥം മനസ്സിലാക്കി കഴിവുള്ള എല്ലാ തപശ്ചര്യ്കളും അനുഷ്ഠിക്കുവാൻ നാം ഏവരും ഉത്സുകരായിരിക്കണം.

4. മദ്യവർജ്ജനം. ഭക്ഷണപാനീയാദികളിൽ നിയന്ത്രണം ആവശ്യമാണു്. മൃഗങ്ങളെപ്പോലെ കിട്ടുന്നതെല്ലാം ഭക്ഷിക്കാമെന്നും കിട്ടുമ്പോഴൊക്കെയും ഭക്ഷിക്കാമെന്നും മനുഷ്യർ വിചാരിക്കരുതു്. ഭക്ഷ്യപദാർത്ഥങ്ങളിൽവച്ചു് നാം വർജ്ജിക്കേണ്ട ഒരു വസ്തു ആണു് മദ്യം. ലഹരി പദാർത്ഥങ്ങൾ മനസ്സിനെ മയക്കുകയും ശരീരത്തെ ദുർബ്ബലമാക്കുകയും ചെയ്യുന്നു. മദ്യപാനം കുടുംബകലഹങ്ങൾക്കും സാമ്പത്തികതകർച്ചയ്ക്കും കാരണമായി ഭവിക്കുന്നു. പലപ്പോഴും വഴക്കുകളും കൊലപാതകങ്ങൾതന്നെയും മദ്യപാനത്തിന്റെ ഫലമായി സംഭവിക്കുന്നതായി കാണുന്നു. മദ്യം എന്താണെന്നും അതിന്റെ ദോഷഫലങ്ങൾ എന്തൊക്കെയാണെന്നും ജനങ്ങൾ ശരിക്കു് അറിഞ്ഞിരുന്നു എങ്കിൽ അവർ അതിൽനിന്നും അകന്നുമാറുമായിരുന്നു. മദ്യം വിഷമാണു്. അതു മനുഷ്യന്റെ സന്മാർഗ്ഗബോധത്തെ ഹനിക്കുകയും ആരോഗ്യത്തെ നശിപ്പിക്കുകയും ചെയ്യുന്നു. മദ്യം പിശാചിനെപ്പോലെ മനുഷ്യനെ ആവസിച്ചു കീഴ്പ്പെടുത്തുന്നു. മദ്യപ്പിശാചിന്റെ പിടിയിൽ അമർന്നാൽ പിന്നെ രക്ഷനേടുക അത്ര എളുപ്പവുമല്ല. അതിനാൽ മദ്യപാനാസക്തിക്കു വിധേയരാകാതെ സൂക്ഷിക്കേണ്ടതാണു്. അതിൽ അകപ്പെട്ടുപോയിട്ടുള്ളവർ പ്രാർത്ഥനയും തപസ്സും ആകുന്ന ആയുധങ്ങളേന്തി ആ പിശാചിനെ തോല്പിച്ചോടിക്കുവാൻ തീവ്രയത്നം ചെയ്യണം.

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

നിയമസഭകളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പു കഴിഞ്ഞിരിക്കുന്നു. തിരഞ്ഞെടുപ്പാകുന്ന അഗ്നിപരീക്ഷണത്തിന്റെ അവസരത്തിൽ ദൈവത്തിലും ജനാധിപത്യത്തിലും അടിയുറച്ചു വിശ്വസിക്കുന്നവർതന്നെയും പരസ്പരം ഭിന്നിക്കുകയും കലഹിക്കുകയും ചെയ്തിരുന്നിരിക്കാം. വാശിക്കും നിർബ്ബന്ധബുദ്ധിക്കും വിധേയരായി അതിരുകടന്ന രീതിയിൽ പ്രവർത്തിച്ചിട്ടും ഉണ്ടാവാം. എന്നാൽ ശാന്തമായും വിവേകപൂർവ്വകമായും ചിന്തിച്ചു പ്രവർത്തിക്കേണ്ട സമയം ഇതു സമാഗതമായിരിക്കുന്നു. ദൈവത്തിലും ജനാധിപത്യത്തിലും വിശ്വസിക്കുന്നവർ സൗമനസ്യത്തോടെ ഒന്നു ചേർന്നു പൊതുവായ പ്രശ്നങ്ങളെ ധീരതയോടെ നേരിടണം. രാജ്യത്തിനും ജനസാമാന്യത്തിനും വന്നുഭവിക്കാവുന്ന വിപത്തിനെ മുന്നിൽ കണ്ടുകൊണ്ട് രാജ്യസ്നേഹികളായ നമ്മൾ സ്വാർത്ഥംവെടിഞ്ഞു ജാഗ്രതയോടുകൂടെ സേവനം അനുഷ്ഠിക്കണം. നമ്മുടെ മാതൃരാജ്യം ഇന്നു ജാഗ്രതയും യോജിപ്പും ത്യാഗവും നമ്മിൽനിന്നു പ്രതീക്ഷിക്കുന്നു. അതു നിർല്ലോഭം നല്കി ഈ വിഷമഘട്ടത്തെ ധീരതയോടെ നേരിടാം.

ആഴ്ചതോറും നമ്മുടെ ദൈവാലയങ്ങളിലും ആശ്രമങ്ങളിലും കന്യകാമഠങ്ങളിലും നടത്തിവന്നിരുന്ന തിരുമണിക്കൂർ ആരാധന ഇനിയും തുടർന്നുനടത്തേണ്ടതാണു്. നമ്മുടെ ദിവ്യരക്ഷകൻ പഠിപ്പിച്ചിട്ടുള്ളതും തിരുസ്സഭ തുടർന്നു പഠിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പാഠം ബ. വൈദികർ വിശ്വാസികളെ മാതൃകകൊണ്ടും ഉപദേശംകൊണ്ടും പഠിപ്പിച്ചുകൊണ്ടിരിക്കുവാൻ ശ്രദ്ധിക്കണം. മിശിഹായുടെ വിശുദ്ധ സന്ദേശം നമ്മുടെ നാട്ടിൽ പരീക്ഷണവിധേയമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ആ ദിവ്യനാഥന്റെ പ്രതിനിധികളും അനുയായികളും തങ്ങളുടെ ജീവിതത്തിൽ ഉന്നതമായ മാന

ണ്ഡം പുലർത്തുന്നതിനും വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും മാന്യതയും പവിത്രതയും പാലിക്കുന്നതിനും ശ്രദ്ധാലുക്കളായിരിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു.

വന്ദ്യ സഹോദരരേ, പ്രിയ മക്കളേ,

ജർമ്മനിയിലേ കത്തോലിക്കർ അവരുടെ സഭാമേലദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ വിശപ്പിനും രോഗത്തിനും എതിരായി ഒരു സമരനിര (campaign against hunger and disease) സംഘടിപ്പിച്ചിട്ടുണ്ടെന്നുള്ള വസ്തുത നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. അവർ അങ്ങനെ സംഘടിപ്പിച്ചു പ്രവർത്തിക്കുന്നതിന്റെ ഫലമായി വലിയ ഒരു സംഖ്യ ആണ്ടുതോറും ശേഖരിക്കുന്നതിനും ലോകത്തിന്റെ നാനാഭാഗങ്ങളിൽ കഷ്ടതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നതിനും അവർക്കു കഴിയുന്നുണ്ട്. ഈ മാതൃകയിൽ ഇപ്പോൾ ഇൻഡ്യയിലും ഒരു സമരനിര (campaign) രൂപം പ്രാപിച്ചുവരുകയാണു്. ജർമ്മനിയിലേ കത്തോലിക്കർക്കുള്ളിടത്തോളം സാമ്പത്തികകഴിവുകൾ നമുക്കില്ലെന്നുള്ളതു വാസ്തവംതന്നെ. എങ്കിലും നമ്മുടെ എളിയ കഴിവനുസരിച്ചു നമ്മളും പ്രവർത്തിക്കണമല്ലോ. ഇൻഡ്യയിലേ രൂപതകളിൽ ഇപ്പോൾ പ്രസ്തുത ഉദ്ദേശ്യസാദ്ധ്യത്തിനായി ധനശേഖരണം ചെയ്തുവരുകയാണു്. നമ്മളും ഇക്കാര്യത്തിൽ സഹകരിക്കേണ്ടതു് ആവശ്യമാണല്ലൊ. അതിനാൽ മാർച്ചുമാസം 12-ാംതീയതി പ്രസ്തുത ഫണ്ടിലേക്കുള്ള ധനശേഖരദിനമായി നിശ്ചയിക്കുന്നു. മാർച്ചു് 5-ാംനു- ഞായറാഴ്ച പള്ളികളിൽ ഈ വിവരം ജനങ്ങളെ വിശദമായി ധരിപ്പിക്കുകയും 12-ാംനു- പിരിവുകൾ ശേഖരിക്കുകയും ചെയ്യണം നമ്മുടെ രൂപതയിലുള്ള എല്ലാ ഇടവകകളും ആശ്രമങ്ങളും മറ്റു സ്ഥാപനങ്ങളും ഉള്ളഴിഞ്ഞു സഹകരിക്കണമെന്നു താൽപ

രുപ്പെട്ടന്നു. കൂടുതൽ വിവരങ്ങൾ ഇതുസഹിതം അയക്കുന്ന സക്കുലറിൽ വിശദമായി ചേർത്തിട്ടുണ്ട്.

പിതാവിന്റേയും ✠ പുത്രന്റേയും ✠ പരിശുദ്ധാത്മാവിന്റേയും ✠ നാമത്തിൽ നിങ്ങളേവരേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

+ Sebastian Vayalil

✠ സെബാസ്റ്റ്യൻ വയലിൽ
പാലാ രൂപതയുടെ മെത്രാൻ

മെത്രാസനമന്ദിരം, പാലാ
28—2—1967

N. B. നമ്മുടെ ഈ ഇടയലേഖനം അടുത്ത ഞായറാഴ്ച വി. കുർബാനയിലേ ഏവൻഗേലിയോൻ കഴിഞ്ഞു പള്ളിയിൽ വായിച്ചു കൊള്ളണം.

Circular No. 111

വിശപ്പിനും രോഗത്തിനും എതിരായ സമരം

ലോകമെങ്ങും ദാരിദ്ര്യവും രോഗവുംമൂലം കഷ്ടപ്പെടുന്നവരെ സഹായിക്കുവാൻ ആരംഭിച്ചിട്ടുള്ള ഒരു ജീവകാരുണ്യപ്രസ്ഥാനമാണു് "വിശപ്പിനും രോഗത്തിനും എതിരായ സമരം" (Campaign against hunger and disease) അമേരിക്ക, ജർമ്മനി, ബൽജിയം, ഹോളണ്ടു് മുതലായ രാജ്യങ്ങളിൽ, അവിടത്തെ കത്തോലിക്ക ഹയരാക്കിയുടെ നേതൃത്വത്തിൽ ഈ ജീവകാരുണ്യസമരം എത്രയും പ്രശസ്തമായ വിധത്തിൽ അനേകവർഷങ്ങളായി നടന്നുവരുകയാണു്. വിദേശത്തുനിന്നു് എന്നും സഹായം വാങ്ങുന്നവരായി കഴിയാതെ, ഇൻഡ്യാക്കാരായ നാം, നമുക്കു കഴിവുള്ള എല്ലാ യത്നവും ഈ വിഷയത്തിൽ ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കുറെ ആതുരാലയങ്ങളും ആശുപത്രികളും നടത്തിയതുകൊണ്ടുമാത്രം ഈ വിഷയത്തിലുള്ള നമ്മുടെ കടമ നിർവ്വഹിക്കപ്പെട്ടു എന്നു വിചാരിക്കാവുന്നതല്ല. വിശപ്പും രോഗവുംകൊണ്ടു വലയുന്ന നമ്മുടെ സഹോദരങ്ങളെ സഹായിക്കുവാൻ ഇതിൽ കൂടുതൽ ത്യാഗം ചെയ്യുന്നതിനു നമുക്കു കഴിയും എന്നു ലോകത്തിന്റെ മുമ്പിൽ കാണിക്കുവാൻ നമ്മുടെ ആത്മാഭിമാനം നമ്മെ നിർബ്ബന്ധിക്കുന്നുണ്ടു്. നമ്മുടെ എല്ലാ കഴിവുകളും ഈ വിഷയത്തിൽ നാം വിനിയോഗിക്കുന്നുണ്ടെന്നു ലോകം ഗ്രഹിക്കുന്നപക്ഷം കൂടുതൽ സഹായം ലഭിക്കുന്നതിനുതന്നെ അതു കാരണമാകും.

ഭോപ്പാൽ അതിരൂപതയുടെ അഭിവന്ദ്യ മെത്രാപ്പോലീത്ത മോസ്റ്റ് റവ. എവുജിൻ ഡിസൂസാ തിരുമേനിയേയും കാത്തലിക്ക് ചാരിറ്റീസ് ഓഫ് ഇൻഡ്യയുടെ നാഷനൽ ഡയറക്ടർ മോൺസിഞ്ഞോർ ലോബോയെയുമാണു് "വിശപ്പിനും രോഗത്തിനും എതിരായ സമരപ്രസ്ഥാനം" നടപ്പിൽ

വരുത്തുവാൻ ഇൻഡ്യൻ ഹയരാക്കി ചുമതലപ്പെടുത്തിയിരിക്കുന്നതു്. അതനുസരിച്ചു് 1966 സെപ്റ്റംബർ 4-ാംനു-ഇൻഡ്യയിലേ എല്ലാ ശ്രുപതകളിലും ആദ്യത്തെ പൊതുപണപ്പിരിവു് ഇതിനായി നടത്തുകയുണ്ടായി. ആ സമയത്തു്, ഷിമോഗയിൽനിന്നു കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുവാനുള്ള ഫണ്ടിനുവേണ്ടി നമ്മുടെ ശ്രുപതയിൽ ഒരു പിരിവു നടത്തിക്കൊണ്ടിരുന്നതിനാൽ "വിശപ്പിനും രോഗത്തിനുമെതിരായ സമരത്തിനു" വേണ്ടിയുള്ള പിരിവു് ഇവിടെ നടന്നില്ല. ഇനിമുതൽ പ്രതിവർഷം വലിയനോമ്പുകാലത്തു് ഈ ഉദ്ദേശ്യത്തിനായി ഒരു പിരിവു് ഇൻഡ്യയിലേ എല്ലാ ശ്രുപതകളിലും നടത്താനാണു നിശ്ചയിച്ചിരിക്കുന്നതു്.

മാർച്ചു 12-ാംതീയതിയാണല്ലോ നമ്മുടെ ശ്രുപതയിൽ ഈ പിരിവു നടത്താൻ തീരുമാനിച്ചിരിക്കുന്നതു്. പിരിവു വിജയിപ്പിക്കുവാൻ ഓരോ സ്ഥലത്തിനും പറ്റിയ പരിപാടികൾ സ്വീകരിക്കാവുന്നതാണു്.

കാര്യക്ഷമമായ പിരിവു സംഘടിപ്പിക്കുന്നതിനു കേന്ദ്രഓഫീസിൽനിന്നു നിർദ്ദേശിച്ചിരിക്കുന്ന ചില പരിപാടികൾ താഴെ ചേർക്കുന്നു:

1. നിർദ്ദിഷ്ട ഞായറാഴ്ച നമ്മുടെ ശ്രുപതയിലേ എല്ലാ ദൈവാലയങ്ങളിലും എല്ലാ കുർബ്ബാനയുടേയും ഇടയ്ക്കു പിരിവു നടത്തുക.
2. ഇതിനായി പ്രത്യേകം കവറുകൾ അച്ചടിപ്പിച്ചു് അത്മായപ്രേഷിതർവഴി എല്ലാ വീടുകളിലും എത്തിക്കുകയും സംഭാവന സ്വീകരിക്കുകയും ചെയ്യുക.
3. ഇടവകകളിലും മറ്റു സ്ഥാപനങ്ങളിലും സിനിമാപ്രദർശനമോ മറ്റു കലാപരിപാടികളോ നടത്തി പണം ശേഖരിക്കുക.

4. ഈ ഫണ്ടിലേക്ക് സംഭാവനചെയ്യാൻ കഴിവുള്ള ഉദാരമതികളായ വ്യക്തികളെ നേരിട്ടുകണ്ട് സംഭാവന സ്വീകരിക്കുക.

പിരിവിനായി നിർദ്ദേശിച്ചിരിക്കുന്ന ഞായറാഴ്ച കർബാനസമയത്തു് ഈ വിഷയത്തെക്കുറിച്ചു പ്രസംഗിക്കുന്നതു് ഉത്തമമായിരിക്കും. യൂറോപ്യൻ രാജ്യങ്ങളിൽ വലിയ നോമ്പുകാലത്തു പതിവായി നടത്തിവരാറുള്ള ഇത്തരം പിരിവുകൾ വഴിയാണു് ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ആതുരാലയങ്ങളേയും സാമൂഹികവികസനപ്രവർത്തനങ്ങളേയും അവർ സഹായിക്കുന്നതു്.

വിഷയത്തിന്റെ ഗൗരവം ഏവരേയും ധരിപ്പിച്ചു് പിരിവു് ഏറ്റവും വിജയപ്രദമാക്കുവാൻ എല്ലാവരും സഹകരിക്കണമെന്നു് അഭ്യർത്ഥിക്കുന്നു. പിരിഞ്ഞുകിട്ടുന്ന തുക ഇൻഡ്യയിൽ വിശപ്പും രോഗവും കാരണം ക്ലേശമനുഭവിക്കുന്നവരെ സഹായിക്കുവാൻ കാത്തലിക്ക് ചാരിറ്റീസ് ഓഫ് ഇൻഡ്യയുടെ ഡൽഹിയിലുള്ള ഓഫീസിലേക്ക് അയച്ചുകൊടുക്കുന്നതാണു്.

പിരിഞ്ഞുകിട്ടുന്ന തുക ഏപ്രിൽ 15-ാംതീയതിക്കകമായി രൂപതാപ്രൊക്കുറേറരുടെ പേക്കു് അയച്ചുകൊടുക്കേണ്ടതാണു്.

എന്നു്,
കാത്തലിക്ക് ചാരിറ്റീസ്
പാലാരൂപതാ ഡയറക്ടർ

Circular No. 112

പാലാ രൂപതയിൽപ്പെട്ട എല്ലാ വൈദികർക്കും

ആശീർവ്വാദം

പ്രിയ ബ. സഹോദരരേ,

മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുള്ള കാനോനനമസ്കാരം അച്ചടിച്ചതു് ഉപയോഗത്തിനായി തയ്യാറാക്കിയിരിക്കുന്നു.

റംശാ, ലെലിയാ, സപ്രാ എന്ന പഴയ വിഭജനരീതിതന്നെ സ്വീകരിച്ചും, റോമിൽനിന്നു ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങളനുസരിച്ചും അനുവദിച്ചുകിട്ടിയ അനുരൂപണങ്ങളോടുകൂടിയുമാണു് പുസ്തകം തയ്യാറാക്കിയിരിക്കുന്നതു്. ഒരു ദിവസത്തേ നമസ്കാരത്തിനു് 40 മിനിട്ടിലധികം ദൈർഘ്യം വരുകയില്ല. ആഗ്രഹമുള്ളവർക്കു് പഴയതിനുപകരം പുതിയ പുസ്തകം ഉപയോഗിക്കുവാൻ അനുവദിക്കുന്നു. പുസ്തകത്തിന്റെ പ്രതികൾ നമ്മുടെ രൂപതക്കച്ചേരിയിൽനിന്നു വാങ്ങാവുന്നതാണു്. ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഭാഗത്തിനു് വില $2\frac{1}{2}$ രൂപയാണു നിശ്ചയിച്ചിരിക്കുന്നതു്.

നോമ്പുകാലത്തേക്കുള്ള നമസ്കാരങ്ങൾ മാത്രമേ തൽക്കാലം അച്ചടിച്ചിട്ടുള്ളൂ. തുടർന്നു് ഉയിർപ്പുകാലത്തേക്കും മറ്റുമുള്ളവയും പ്രസിദ്ധീകരിക്കുന്നതാണു്. അവ അടിച്ചുകഴിയുന്നതുവരെ ഈ പുസ്തകം തന്നെ തുടർന്നു് ഉപയോഗിക്കാവുന്നതാണു്.

ആരാധനക്രമമനുസരിച്ചുള്ള വത്സരത്തിനു് പത്തു കാലഘട്ടങ്ങളാണല്ലോ ഉള്ളതു്. ഓരോ കാലഘട്ടത്തിനും തിരുനാളുകൾക്കും പ്രത്യേക നമസ്കാരങ്ങളാണുള്ളതു്. എല്ലാംകൂടി ഒരുമിച്ചു് ഉടനെ പ്രസിദ്ധീകരിക്കുന്നതു് അപ്രായോഗികമായതുകൊണ്ടും അഭിപ്രായങ്ങളറിഞ്ഞു് തിരുത്തലുകൾക്കു സൗകര്യമുണ്ടാകുവാൻവേണ്ടിയുമാണു് ഖണ്ഡശ: പ്രസിദ്ധീകരിക്കുന്നതു്.

സുറിയാനിരീതികൾ നോമ്പുകാലത്തേ പാട്ടുകൾക്കു് പറയുന്നവയാകയാൽ ആ രീതികൾതന്നെയാണു് ഈ പുസ്തകത്തിൽ സ്വീകരിച്ചിരിക്കുന്നതു്. മറ്റുകാലങ്ങളിലേ ഉപയോഗത്തിനു് പുതിയ ഇൻഡ്യൻ രീതികൾക്കു് രൂപം കൊടുത്തുവരുന്നുണ്ടു്.

ഘടനയുടെ പൂർണ്ണതയ്ക്കുവേണ്ടി വേപുസ്തകവായനകൂടി നമ സ്കാരപ്പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. എന്നാൽ, അതു വായിക്കണമെന്ന നിർബന്ധമില്ല. വായിക്കുന്നപക്ഷം കുർബാനയിലേ ക്രമംതന്നെ അനുസരിക്കണം.

പ്രശീത്താ ആധാരമാക്കിക്കൊണ്ടാണ് സങ്കീർത്തനത്തിന്റെ വിവർത്തനം നിർവ്വഹിച്ചിരിക്കുന്നത്. എന്നാൽ, ആശയസ്ഫുടതയ്ക്കു വേണ്ടി ജെറുസലം ബൈബിൾ തുടങ്ങിയ ആധുനിക വിവർത്തനങ്ങളേയും ആശ്രയിച്ചിട്ടുണ്ട്. ചൊല്ലുവാനുള്ള സൗകര്യത്തെ മുൻനിറുത്തിയാണ് വാചകങ്ങളുടെ ഘടന ക്രമപ്പെടുത്തിയിരിക്കുന്നത്.

കുർബാനയിലേ ചില പ്രാർത്ഥനകളും കാനോനനമസ്കാരത്തിലും ചൊല്ലേണ്ടതുണ്ട്. അതെല്ലാം തൽക്കാലം അതേപടി കുർബാന ക്രമത്തിൽനിന്നു പകർത്തിയിരിക്കുകയാണ്.

പുസ്തകത്തെപ്പറ്റിയുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൺവീനർ, ലിറ്റേർജിക്കൽ കമ്മിറ്റി, പൊന്തിഫിക്കൽ സെമിനാരി ആലുവാ-3 എന്ന മേൽവിലാസത്തിൽ അയക്കാവുന്നതാണ്.

കാനോനാനമസ്കാരം ചൊല്ലാൻ ഏൂവക്കുമുള്ള ചുമതല നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളട്ടെ. Cfr. Decree on Eastern Churches No. 22. ഇക്കാര്യത്തിൽ ഉപേക്ഷ കാണിക്കുന്നവർ ആദ്ധ്യാത്മിക ജീവിതത്തിൽ പുരോഗമിക്കുമെന്നോ ആത്മാക്കളെ ദൈവത്തിന്റെ പക്കലേക്ക് ആനയിക്കുവാൻ പ്രാപ്തരാകുമെന്നോ കരുതേണ്ടതില്ല. എല്ലാവരും തിരുസ്സഭയുടെ ഈ ഔദ്യോഗിക പ്രാർത്ഥന ഉപയോഗിച്ച് സർവ്വശക്തനെ പാടിപ്പുകഴ്ത്തുന്നതിൽ സദാ ഉത്സുകരായിരിക്കണം

✠ സെബാസ്റ്റ്യൻ വയലിൽ

പാലാ രൂപതയുടെ മെത്രാൻ

മൈനർ സെമിനാരി പ്രവേശനം

നമ്മുടെ ശ്രുപതാ മൈനർ സെമിനാരിയിലോ, നാം ഇപ്പോൾ സംഘടിപ്പിച്ചുവരുന്ന സെൻറ് തോമസ് മിഷനറി സൊസൈറ്റിയിലോ, ക്ലാരറൈൻ സഭയിലോ ചേർന്നു വൈദികപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മാർച്ചുമാസം 31-ാംതീയതിക്കുമുമ്പ് വെ റവ. ഫാദർ റെക്ടർ, ഗ്രഡ് ഷെപ്പേർഡ് മൈനർ സെമിനാരി, കരുർ P. O., പാലാ എന്ന മേൽവിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

ഇടവക, വീട്ടുപേരു്, പേരു്, വയസ്സു്, മാതാപിതാക്കന്മാരുടെ പേരു്, ഇപ്പോൾ പഠിക്കുന്ന വിദ്യാലയം, ക്ലാസ്സു്, ശ്രുപതയ്ക്കുവേണ്ടിയോ മിഷനറി വൈദികസമൂഹത്തിലേക്കോ ക്ലാരറൈൻ സഭയ്ക്കുവേണ്ടിയോ എന്നീ വിവരങ്ങളും അപേക്ഷയിൽ കാണിച്ചിരിക്കണം.

ബ. വികാരിമാർ ഈ വിവരം അടുത്തുവരുന്ന രണ്ടാഞായറാഴ്ച പള്ളിയിൽ അറിയിക്കണം. വൈദികസ്ഥാനത്തേക്കു ദൈവവിളി ഉള്ളവരെന്നു കരുതുന്നവർക്കു വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നല്കുകയും ചെയ്യണം.

✠ S. V.

ബ. വൈദികരുടെ സ്ഥലം മാറ്റം

പള്ളത്തുകുഴിയിൽ ബ. പൗലോസച്ചൻ
മൂഴൂർ പള്ളി വികാരി

വേഴമ്പത്തോട്ടത്തിൽ ബ. യൗസേപ്പച്ചൻ
മാനത്തൂർ പള്ളി വികാരി

വള്ളിപ്പാലത്തുങ്കൽ ബ ജോബ് അച്ചൻ
ഉരുളികുന്നം പള്ളി വികാരി

കളത്തിപ്പുല്ലാട്ട് ബ. തോമ്മാച്ചൻ
Sr. Alphonsa's Tribunal Notary and Assistant to Vice Postulator, Bharananganam

പയ്യാനിമണ്ണവത്തിൽ ബ യൗസേപ്പച്ചൻ
പാലാ കത്തീഡ്രൽ പള്ളി അസി. വികാരി

ദൈവവിളിധ്യാനം

പെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ എല്ലാ വഷ്വും നടത്തപ്പെട്ടുന്ന ദൈവവിളിധ്യാനം ഈ വഷ്വും ഉണ്ടായിരിക്കുന്നതാണു്. ഹൈസ്കൂളിലും കോളെജിലും പഠിക്കുന്ന വിദ്യാത്ഥിനീവിദ്യാത്ഥികൾ ദൈവവിളിധ്യാനത്തിൽ സംബന്ധിക്കുന്നതു തികച്ചും അഭിലഷണീയമായിരിക്കും. ബ വൈദികരും അധ്യാപകരും മാതാപിതാക്കന്മാരും കുട്ടികൾക്കു് ഇക്കാര്യത്തിൽ വേണ്ട മാർഗ്ഗനിർദ്ദേശം നല്കുണമെന്നു താൽപര്യപ്പെട്ടുന്നു. ദൈവവിളിധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികൾ "മിഷൻ ലീഗ് ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ, ഭരണങ്ങാനം" എന്ന മേൽവിലാസത്തിൽ അപേക്ഷിക്കേണ്ടതാണു്.

കാനോനാനമസ്കാരം

മലയാളത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന കാനോനനമസ്കാരം രൂപതാ കച്ചേരിയിൽനിന്നോ സെൻറ് തോമസ് പ്രസ്സിൽനിന്നോ രണ്ടരരൂപ വിലയ്ക്കു ലഭിക്കുന്നതാണ്. കോപ്പികൾ എണ്ണം കുറവായതിനാൽ ഉടനേതന്നെ വാങ്ങിക്കുന്നതു നന്നായിരിക്കും.

ആത്മസ്ഥിതി രജിസ്റ്റർ

പുതിയ ആത്മസ്ഥിതി രജിസ്റ്റർ അച്ചടിച്ചു തയ്യാറായിട്ടുണ്ട്. അതു പെ. ബ. രൂപതാ പ്രൊക്കുറേറരുടെ ഓഫീസിൽ ആവശ്യപ്പെട്ടാൽ ലഭിക്കുന്നതായിരിക്കും.

തിരിച്ചെത്തി

കാഞ്ഞിരമറ്റം ഇടവക റവ. ഫാ. തോമസ് പരുവനാനി അമേരിക്കയിൽനിന്നു് ഉന്നതവിദ്യാഭ്യാസാനന്തരം തിരിച്ചെത്തിയിരിക്കുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ അദ്ദേഹം പി. എച്ച്. ഡി. ബിരുദം നേടിയിട്ടുണ്ട്.

സണ്ടേസ്കൂൾ അദ്ധ്യാപക പ്രതിനിധി സമ്മേളനം

കഴിഞ്ഞവർഷം നടത്തിയ മതാധ്യാപകസെമിനാറിൽവച്ചു തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക പ്രതിനിധികളുടെ ഒരു സമ്മേളനം 12-2-'67-ൽ പാലാ സെൻറ് മേരീസ് ഹൈസ്കൂളിൽവച്ചു കൂടുകയുണ്ടായി. രൂപതയിലേ മതപഠനം കാര്യക്ഷമമാക്കുന്നതിനുള്ള ഒട്ടേറെ വിഷയങ്ങളെപ്പറ്റി ചർച്ചകൾ നടന്നു.

രൂപതയിലേ എല്ലാ ഇടവകകളിലും പ്രാവർത്തികമാക്കുവാൻ വേണ്ടി ഒരു പൊതു നിയമാവലിയുടെ നക്കൽ ചർച്ചയ്ക്കു വയ്ക്കപ്പെട്ടു. അതിൽ ആവശ്യം വേണ്ട ഭേദഗതികൾചെയ്തു പരിപൂർണ്ണമാക്കുവാൻ ഒരു കമ്മറ്റിയെ ഏല്പിച്ചു. അടുത്ത മധ്യവേനൽ അവധിക്കാലത്തു നടത്തുവാനിരിക്കുന്ന മതാധ്യാപകസെമിനാർ, ഇടവകസമ്മർസ്കൂൾ തുടങ്ങിയവയുടെ വിജയപ്രദമായ നടത്തിപ്പിനെ സംബന്ധിച്ചും ചർച്ചചെയ്തു തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

കൂടാതെ, സണ്ടേസ്കൂൾ ബുള്ളറിൻ പ്രസിദ്ധീകരിക്കുവാനും, നിയമാവലിയുടെ നക്കൽരൂപം വിശദ്ധന്മാർക്ക് അയച്ചുകൊടുത്തു് വേണ്ടിവന്നാൽ കൂടുതൽ ഭേദഗതികളോടുകൂടി അംഗീകാരത്തിനായി വന്ദ്യപിതാവിനെ സമർപ്പിക്കുവാനും തീരുമാനമെടുത്തു.

സമ്മാനദാനം

1966—ൽ സ്കൂളുകളുടേയും സമ്മർസ്കൂളുകളുടേയും ആഭിമുഖ്യത്തിൽ നടത്തിയ മത്സരപ്പരീക്ഷയിൽ സമ്മാനാർഹരായവർക്കു വന്ദ്യപിതാവിന്റെ നാമകരണനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾദിനം സമ്മാനങ്ങളും വിതരണം ചെയ്യപ്പെട്ടു. ഏഴാം ക്ലാസ്സിൽ മേരിയമ്മ അധികാരവും (ഉലമ) മേരി ഉപ്പുകണ്ടവും (വടകര) പ്രത്യേക സമ്മാനത്തിനു് അർഹരായി. മിഷൻ ഞായർ പിരിവിൽ സമ്മാനാർഹരായ സ്കൂളുകൾക്കും അന്നു കപ്പുകളും സമ്മാനിക്കുകയുണ്ടായി. ഹൈസ്കൂൾ വിഭാഗത്തിൽ ഏലഞ്ഞിസ്കൂൾ (920 രൂ.) ഇക്കൊല്ലവും ഒന്നാം സമ്മാനം നേടി. രണ്ടാംസമ്മാനത്തിനു് അർഹമായതു് തീക്കോയി സ്കൂൾ (513 രൂ.) ആണു്. യു. പി. സ്കൂളുകളിൽ ഒന്നാം സമ്മാനം മൂലമറ്റത്തിനും (305 രൂ.) രണ്ടാംസമ്മാനം കൂരു് സ്കൂളിനും (301 രൂ.) ആയിരുന്നു. എൽ. പി. സ്കൂളുകളിൽ തീക്കോയി (111 രൂ.) ഒന്നാം സ്ഥാനവും തുടങ്ങനാടു് (87 രൂ.) രണ്ടാം സ്ഥാനവും നേടി. വിജയികൾക്കു് അനുമോദനങ്ങൾ!

—മതബോധന ഡയറക്ടർ

1966-ലെ മിഷൻഞായർ പിരിവു്

(തുടർച്ച)

മൂലമറ്റം പള്ളി (രണ്ടാംപ്രാവശ്യം)	15	00
എൽ. പി. എസ്. വെയിൽകാണാമ്പാറ	10	00
സെൻറ തോമസ് കോളെജ്	368	00
ചക്കാമുഴിപള്ളി	102	00
കോതനല്ലൂർപള്ളി	144	00
H. S. വലിയകുമാരമംഗലം	103	50
സെൻറ് ആൻറണീസ് H. S. മുത്തോലി	205	00
നീറന്താനംപള്ളി	120	00
ഒരു ഗുണകാംക്ഷി	20	00

ശ്രുപതാഡയറി

1966 ഡിസംബർ 21. പരേതനായ പാമ്പക്കൽ ബ. മത്തായി അച്ച നുവേണ്ടി അന്തീനാട്ടപള്ളിയിൽ ഒപ്പീസ് നടത്തി.

22. വന്ദ്യപിതാവ് ചങ്ങനാശ്ശേരി അതിശ്രുപതയിൽ പാലാസ്ര എന്ന സ്ഥലത്തു് കമ്മലീത്താ ആശ്രമംവക ഒരു പുതിയ ദൈവാല യം ക്ലാശ ചെയ്തു.

23. സെൻറ് തോമസ് കോളെജിൻേറയും അൽഫോൻസാ കോളെജിൻേറയും സംയുക്താഭിമുഖ്യത്തിൽ നടത്തുവാനിരുന്ന കലോ ത്സവത്തിനുവേണ്ടിയുള്ള പന്തലിൻേറ കാല്നാട്ടുകർമ്മം നിവ്വഹിച്ചു.

സ്കൂളുകളുടേയും കോളെജുകളുടേയും മനേജിംഗ് ബോർഡ് യോഗം മെത്രാസനമന്ദിരത്തിൽവച്ചു നടത്തി.

25. പിറവിത്തിരുനാൾ പ്രമാണിച്ചു് കത്തീഡ്രൽ പള്ളിയിൽ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു.

26. ശ്രുപതയിലേ യുവവൈദികർക്കുവേണ്ടി മൈനർ സെമിനാ രിയിൽവച്ചു നടത്തപ്പെട്ട പാസ്റ്ററൽ സെമിനാറിൽ ഉദ്ഘാടന പ്രസംഗം ചെയ്തു.

27. അമ്പാറനിരപ്പേൽ ഇടവകയിൽ പുതുതായി പണികഴിപ്പി ച്ചിരിക്കുന്ന ദൈവാലയം വെഞ്ചരിച്ചു. പ്രസ്തുത ഇടവകയിൽ ഔദ്യോ ഗികസന്ദർശനം നടത്തി.

28. വന്ദ്യപിതാവു് തോട്ടയ്ക്കാട്ട് എന്നസ്ഥലത്തു് ഒരു മീറ്റിം ഗിൽ ആധ്യക്ഷ്യം വഹിച്ചു.

അന്നു വൈകുന്നേരം ആലപ്പുഴ മെത്രാൻ തിരുമേനിയെ സന്ദർ ശിച്ചു.

29. കെ സി. എസ്. എൽ.— ൻെറ ജൂബിലി പ്രമാണിച്ചു സമ്മേളിച്ച വിദ്യാർത്ഥിപ്രതിനിധികൾക്കുവേണ്ടി ദിവ്യബലി അർപ്പിച്ചു; ഉപദേശം പറഞ്ഞു.

ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ട് തിരുമേനിയെ സന്ദർശിച്ചു.

പാസ്റ്ററൽ സെമിനാറിൽ പങ്കെടുത്ത യുവവൈദികരോട് പ്ര സംഗിച്ചു.

31. തുരുത്തിനാട്ട് പള്ളി ഔദ്യോഗികമായി സന്ദർശിച്ചു. പ്ര സ്തുത പള്ളിയുടെ ജൂബിലി സംബന്ധിച്ചു നടത്തപ്പെട്ട സമ്മേളന ത്തിൽ ആധ്യക്ഷ്യം വഹിച്ചു.

1967 ജനുവരി 1. വന്ദ്യപിതാവു് അരുവിത്തുറവച്ചു നടത്തപ്പെട്ട ലീജിയൻ വാഷ്കികത്തിൽ ആധ്യക്ഷ്യം വഹിച്ചു.

3. വന്ദ്യപിതാവു കുറുനാട്ടു് കന്മലീത്ത ആശ്രമക്കപ്പേളയിൽ ദിവ്യബലി അപ്പിക്കുകയും കൂട്ടികൾക്കു സ്ഥൈര്യലേപനം നൽകുകയും ചെയ്തു.

5. ചേർപ്പുങ്കൽ സ്ഥാപിതമായിരിക്കുന്ന ഹാൻഡ്മേഡ് പേപ്പർ ഇൻഡസ്ട്രിയുടെ ഉദ്ഘാടനസമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചു.

പാലയ്ക്കാട്ടുമല പുതുതായി പണിതീർത്തിരിക്കുന്ന സിമിത്തേരി വെഞ്ചരിച്ചു.

6. ദനഹാതിരുനാൾ പ്രമാണിച്ചു വന്ദ്യപിതാവു കത്തീഡ്രൽ പള്ളിയിൽ ദിവ്യബലി അപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തു.

7. പരേതനായ ഷെവലിയർ റവ. ജെ. മാത്യു തെള്ളിയുടെ ചരമവാഷ്കികം സംബന്ധിച്ചു പൊതുയോഗത്തിൽ കൂടിയ സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചു. പരേതന്റെ ഒരു എണ്ണച്ഛായാപടം അനാച്ഛാദനം ചെയ്തു.

8. പാലായിൽവച്ചു നടത്തപ്പെട്ട ലീജിയൻ വാഷ്കികത്തിൽ അധ്യക്ഷനായി.

9, 10. ഭരണങ്ങാനം കപ്പൂച്ചിൻ ആശ്രമത്തിൽ വന്ദ്യപിതാവു് ധ്യാനത്തിൽ പങ്കുകൊണ്ടു.

10. കോർപ്പറേറു് മാനേജ്മെൻറു് ഓഫ് സ്ക്കൂംസിന്റെ അഡ്വൈസറി ബോർഡ് മെത്രാസനമന്ദിരത്തിൽ സമ്മേളിച്ചു.

12. അരുണാപുരത്തു് സേക്രഡ്ഹാർട്ടു് ഹോസ്റ്റൽ ചാപ്പലിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

കോട്ടയം മെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ തിരുമേനി വന്ദ്യപിതാവിനെ സന്ദർശിച്ചു.

15. ഇൻഡസ്ട്രിയൽ എസ്റ്റേറിന്റെ മാനേജിംഗ് ബോർഡു യോഗം മെത്രാസനമന്ദിരത്തിൽവച്ചു നടത്തി.

നീലൂർ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന്റെ വാഷ്കികയോഗത്തിൽ വന്ദ്യപിതാവു് ആധ്യക്ഷ്യം വഹിച്ചു.

17. കേന്ദ്രമന്ത്രി ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ വന്ദ്യപിതാവിനെ സന്ദർശിച്ചു. സെൻറു് തോമസ് അൽഫോൻസ കോളെജുകളുടെ സംയുക്തവാഷ്കികസമ്മേളനത്തിൽ വന്ദ്യപിതാവു സംബ

ന്ധിച്ചു. വൈകുന്നേരം, സെൻറ് തോമസ് കോളെജ് ഗ്രൗണ്ടിൽ തയ്യാറാക്കിയ കമനീയമായ പന്തലിൽ ഒരായിരത്തോളം നീണ്ടനിന്ന കലോത്സവപരിപാടികളും ഉദ്ഘാടനം ചെയ്യപ്പെട്ടു.

20. വന്ദ്യപിതാവിന്റെ നാമകാരണനായ വി. സെബസ്ത്യാനോസിന്റെ തിരുനാളായ ജനു 20 വൈദികരും കന്യാസ്ത്രീകളും അല്മായ നേതാക്കന്മാരും അധ്യാപകവിദ്യാർത്ഥിപ്രതിനിധികളും വന്ദ്യപിതാവിനെ സന്ദർശിച്ചു തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. ത്രൂപതയിലേ എല്ലാ സ്ത്രീകളിലും സന്ന്യാസ്ത്രീകളിലുംനിന്നു വേദപാഠ മത്സരപരീക്ഷയിൽ സമ്മാനാർഹരായവർക്കു വന്ദ്യപിതാവു സമ്മാനങ്ങൾ വിതരണം ചെയ്തു.

23. കൊല്ലംമെത്രാൻ റൈറവ. ഡോ. ജറോം ഫെർണാണ്ടസ് തിരുമേനി വന്ദ്യപിതാവിനെ സന്ദർശിച്ചു.

25. ഗ്രഡ്ഷെപ്പേർഡ് മൈനർ സെമിനാരിയും ബോയ്സ് ടൗണും വന്ദ്യപിതാവു് സന്ദർശിച്ചു.

26. കടുത്തുരുത്തിയിൽ ദൈവവചനസഭയുടെ വകയായി പണി തീർത്തിരിക്കുന്ന പുതിയ കെട്ടിടം വെഞ്ചരിച്ചു. അനന്തരം അവിടെ നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

27. കൂടല്ലൂർ നടന്ന ഒരു ലീജിയൻ മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

28. കടപ്ലാമറ്റം ഹൈസ്കൂൾ വാർഷികയോഗത്തിൽ അദ്ധ്യക്ഷനായി.

29. അഖിലേന്ത്യാ ബിഷപ്സ് കോൺഫ്രൻസിന്റെ ദൈവവിളിയെ സംബന്ധിച്ചുള്ള കമ്മീഷന്റെ സമ്മേളനങ്ങളിൽ സംബന്ധിക്കുവാൻ വന്ദ്യപിതാവു് കൊച്ചിയിൽനിന്നു വിമാനമാർഗ്ഗം മദ്രാസിലേക്കു പോയി.

30. മൈലാപ്പൂരിലുള്ള വി. തോമ്മാശ്ലീഹായുടെ കബറിടത്തിങ്കൽ ദിവ്യബലി അർപ്പിച്ചു.

31. സ്മരണീയനായ ആർച്ചുബിഷപ്പ് മത്യാസ് തിരുമേനിയുടെ കബറിടത്തിങ്കൽ ദിവ്യബലി അർപ്പിച്ചു.

ഫെബ്രുവരി 1. പരേതനായ മദ്രാസ് ഗവണ്മെൻറ് ശ്രീ എ. ജെ. ജോണിനുവേണ്ടി മദ്രാസിലേ കത്തീഡ്രൽ പള്ളിയിൽ കുർബ്ബാന അർപ്പിച്ചു.

വൈകുന്നേരം വന്ദ്യപിതാവു പാലായിൽ തിരിച്ചെത്തി.

2. മരങ്ങോലി ഇടവകയിൽ പുതുതായി പണിയാനുദ്ദേശിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു

4. നസ്രത്തുഹിൽ വിൻസെൻഷ്യൻ ആശ്രമദൈവാലയത്തിൽ ദിവ്യബലി അർപ്പിച്ചു. കൂട്ടികൾക്കു സ്ഥൈര്യലേപനം നല്കി. ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വാർഷികയോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു.

5. കടുത്തുരുത്തി പള്ളിയിൽ ഔദ്യോഗികസന്ദർശനം നടത്തി. നീറന്താനം യു. പി. സ്കൂളിന്റെ വാർഷികയോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു.

6. കുമ്മണ്ണൂർ സെൻറ് ജോസഫ്സ് ചിൽഡ്രൻസ് ഹോം സന്ദർശിച്ചു.

പുലിയന്നൂർ മഠത്തിലേ പതിമ്മൂന്നുമണി ആരാധനയുടെ സമാപനചടങ്ങുകളിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

10. വന്ദ്യപിതാവു ഭരണങ്ങാനത്തു ദൈവദാസി സി. അൽഫോൻസായുടെ കബറിടത്തുങ്കൽ ദിവ്യബലി അർപ്പിച്ചു.

11. ളാലം പഴയപള്ളിക്കു സമീപമുള്ള ലൂർദ്ദ്മാതാക്ഷേത്രത്തിൽ ദിവ്യബലി അർപ്പിച്ചു; പ്രസംഗിച്ചു.

ഉച്ചകഴിഞ്ഞു് കുറിച്ചിത്താനത്തു പുതുതായി പണികഴിപ്പിച്ചിരിക്കുന്ന ലൂർദ്മാതാക്ഷേത്രം വെഞ്ചരിച്ചു; പ്രസംഗം പറഞ്ഞു.

12. പരേതനായ വരിക്കമാക്കൽ ബ. തോമസ്അച്ചനുവേണ്ടി ഇളംതോട്ടം പള്ളിയിൽ ഒപ്പീസ് നടത്തി.

സെൻറ് തോമസ് കോളെജിലേ 13 മണി ആരാധനയുടെ സമാപനചടങ്ങുകളിൽ പ്രധാനകാർമ്മികത്വം വഹിച്ചു; പ്രസംഗിച്ചു. ക്രിസ്തുരാജ് ഹോസ്റ്റൽ ദിനാഘോഷത്തിൽ സംബന്ധിച്ചു.

19. അൽഫോൻസാകോളെജിനു സമീപം പണിതീർത്തിരിക്കുന്ന അഡോറേഷൻ ഹോസ്റ്റൽ വെഞ്ചരിച്ചു.

26. മണ്ണാറപ്പാറ പള്ളി ഔദ്യോഗികമായി സന്ദർശിച്ചു.

28. അൽഫോൻസാ കോളെജിന്റെ സോഷ്യലിൽ സംബന്ധിച്ചു.

Printed at the St Thomas Press, Palai and
published by Fr Thomas Purayidom